(ബി) സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന പ്രക്രിയയിൽ സംസ്ഥാന സർക്കാർ നേരിട്ട് ഇടപെടുന്നില്ല. ഇന്ത്യയിലെ വിവിധ തുറമുഖങ്ങൾവഴി വിവിധ ലൈസൻസുള്ള ഏജൻസി പൊതുമേഖലാ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കയറ്റുമതി നടത്താവുന്നതാണ്. അമേരിക്ക, റഷ്യ പ്രധാനപ്പെട്ട എല്ലാ യൂറോപ്യൻ രാജ്യങ്ങളും, ഏഷ്യൻ രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് വിവിധ കാർഷിക ഉൽപ്പന്നങ്ങൾ ആവശ്യകതയനുസരിച്ച് കയറ്റി അയയ്ക്കുന്നുണ്ടെന്നാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്.

(സി) കൃത്യമായ വിവരം ലഭ്യമല്ല.

സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പ അനുവദിക്കുന്നതിൽ വിമുഖത

18 (*478) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് അത് അനുവദിക്കുന്നതിൽ പല ബാങ്കുകളും വിമുഖരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വായ്പകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ,

(എ) സ്വയം തൊഴിൽ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ചില ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2002-03 വർഷത്തിൽ കേരളത്തിലെ വാണിജ്യ ബാങ്കുകൾ 1840 കോടി രൂപ ചെറുകിട വ്യവസായങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. ഇത് കണക്കാക്കപ്പെട്ടിരുന്നതിനേക്കാൾ 484 കോടി രൂപ അധികമാണ്.

(ബി) പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കിട്ടുന്ന പരാതികളെല്ലാംതന്നെ അന്വേഷണ വിധേയമാക്കുന്നുണ്ട്. ബാങ്കുകളുടെ വിവിധ തലങ്ങളിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്യാറുമുണ്ട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വായ്പകൾ പെട്ടെന്ന് ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ ശാസ്ത്രീയമായൊരു നടപടി ക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായുള്ള ടാസ്ക് ഫോഴ്സ് സെലക്ട് ചെയ്യുന്ന എല്ലാവർക്കും വായ്പ ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വായ്പയ്ക്ക് പരിഗണിക്കപ്പെടേണ്ടവരെ വിളിച്ച് പ്രത്യേക തരത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കുകയും, നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളുടെ സഹായത്തോടെ പ്രത്യേക പരിശീലനം നൽകുവാനും ആലോചിക്കുന്നുണ്ട്. ഇത്തരം നടപടികളിലൂടെ ബാങ്കുകളുടെ വിമുഖത മാറ്റാൻ സാധിക്കും. അതുപോലെ ടോക്കൺ ഓഫ് സർവ്വീസ്, അധിക സെക്യൂരിറ്റി ഒഴിവാക്കാൻ, സി.ജി.എഫ്.എസിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാനുള്ള നിലവിലുള്ള സംവിധാനങ്ങളാണ്. കൂടാതെ ഈയിടെ പുനഃസംഘടിപ്പിച്ച ജില്ലാതല ഗ്രീവൻസ് റിഡ്രസൽ സെല്ലുകളിലൂടെ ചെറുകിട വ്യവസായികളുടെ വായ്പ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മണ്ണിന്റെ ഘടനയ്ക്കനുസരിച്ചുള്ള കൃഷിരീതി

19 (*479) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണിന്റെ ഘടന തിരിച്ചറിഞ്ഞ് അതനുസരിച്ച് കൃഷിരീതികൾ മെച്ചപ്പെടുത്തുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുവേണ്ട അടിസ്ഥാന രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ-സി) മണ്ണിന്റെ ഘടനയും സ്വഭാവവും അടിസ്ഥാനമാക്കി കാർഷിക പാരിസ്ഥിതികമേഖലകൾക്ക് അനുയോജ്യമായ കാർഷിക രീതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനായി കൃഷിവകുപ്പിന്റെയും കാർഷിക ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്തിലെ ബോയിൻ മാപ്പിംഗ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ 500 പഞ്ചായത്തുകളിൽ മണ്ണിനെ സംബന്ധിച്ച ഭൂപടങ്ങളും വിവരണങ്ങളും ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. മണ്ണ്, ജലം എന്നിവ പരിശോധിച്ച് സൂക്ഷ്മമൂലകങ്ങൾ തിട്ടപ്പെടുത്തി പരിശോധനാഫലം കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കെ. പി. പി. നമ്പ്യാർ കമ്മിറ്റിയുടെ ശുപാർശകൾ

20 (*480) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗത്ത് ഐ.ടി. യുടെ ഉപയോഗത്തെപ്പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച കെ. പി. പി. നമ്പ്യാർ കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചുവോ ;

LIBRARY ARCHIVES Kerala Legislative Assembly